# <u>GOOD WORK</u>

## ഒരിറ്റ് കാരുണ്യം പദ്ധതി

കരിമണൽ ജനമൈത്രി പോലീസ് CRO ശ്രീ. K.N രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കരിമണൽ പോലീസ് സ്റ്റേഷൻ SHO ശ്രീ.രമേഷ് കുമാർ തലക്കു പറ്റിയ പരിക്കിൽ കോമ സ്റ്റേജിലായ ശ്രീ റെജി മാമ്പ്ര തെക്കേതിൽ തട്ടേക്കണ്ണി എന്ന ആളുടെ മകൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് നിർവ്വഹിച്ചു. റെജി തന്റെ മകളുമൊത്ത് പാൽ മേടിക്കാൻ റോഡു സൈഡിൽ നിന്ന സമയം ഒരു കാറുകാരൻ അശ്രദ്ധമായി അമിത സ്പീഡിൽ ഓടിച്ചു വന്ന് ആദ്യം റെജിയുടെ മകളെ ഇടിക്കുകയും തുടർന്ന് റെജിയെ ഇടിച്ചു തെറിപ്പിക്കുകയും ചെയ്തതാണ് റെജി കോമ സ്റ്റേജിലാകാൻ കാരണം. രാജഗിരി ഹോസ്പിറ്റലിൽ ഇദ്ദേഹത്തിന്റെ ചികിത്സക്കായി ഇപ്പോൾ തന്നെ 18 ലക്ഷം രൂപ ചിലവായി. 3 ലക്ഷത്തിനു മുകളിൽ ഇനിയും ഹോസ്പിറ്റലിൽ അടക്കാനുണ്ട്. ഈ സാഹചര്യത്തിലാണ് കരിമണൽ ജനമൈത്രി പോലീസ് സഹായ ഹസ്തവുമായി മുന്നോട്ട് വന്നത്.

